**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 235** **23-08-2022 - ൽ മറുപടിയ്ക്ക്**

**മൾട്ടി ഫ്ലോർ സ്കൈവാക്ക് സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഉദ്ഘാടനം ചെയ്ത ഒ.പി. - ഐ.പി. ബ്ലോക്കുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന മൾട്ടി ഫ്ലോർ സ്കൈവാക്ക് സംവിധാനം അടഞ്ഞുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് തുറന്നു കൊടുക്കാത്തതിന്റെ കാരണം വിശദമാക്കാമോ; | (എ) | തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ 2 നിലകളിലായി സ്കൈവാക്ക് ഉണ്ട്. സുരക്ഷാ കാരണങ്ങളാൽ വനിതാ ഡോക്ടർമാരുടെ വാസ സ്ഥലത്തിലുള്ള സ്കൈവാക്കിൽ പൊതുജന പ്രവേശനം നിരോധിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത നിർമ്മാണത്തിന് ചെലവായ തുക എത്രയെന്നും നിർമ്മാണ കരാർ നൽകിയിരുന്നത് ആർക്കാണെന്നും ഏത് ഫണ്ട് ഉപയോഗിച്ചാണ് നിർമ്മിച്ചതെന്നും വ്യക്തമാക്കാമോ; | (ബി) | 27/07/2015 -ലെ സ.ഉ(സാധാ)നം.2409/15/ ആ.കു.വ എന്ന സർക്കാർ ഉത്തരവ് പ്രകാരം ഒ.പി.ഡി ബ്ലോക്കിനെയും ആശുപത്രി ബ്ലോക്കിനെയും ബന്ധിപ്പിച്ചുകൊണ്ട് റോഡിന് മുകളിലൂടെ 4 കോടി രൂപയുടെ എസ്റ്റിമേറ്റ് പ്രകാരം ഇൻഫോസിസിന്റെ ചെലവിലാണ് മൾട്ടി ഫ്ലോർ സ്കൈവാക്ക് നിർമ്മിച്ചിട്ടുള്ളത്. |
| (സി) | പൊതുജനങ്ങൾക്ക് പ്രയോജനപ്രദമാകുന്ന പ്രസ്തുത സംവിധാനം എന്ന് തുറന്നു കൊടുക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (സി) | ഒ.പി. വിഭാഗം, സൂപ്രണ്ടാഫീസ്, ലബോറട്ടറീസ്, ബ്ലഡ് ബാങ്ക് എന്നിവയിലേക്കുള്ള സ്കൈവാക്ക് പൊതുജനങ്ങളുടെ ഉപയോഗത്തിനായി ഇപ്പോഴും തുറന്നു പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ